"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ചപ്പാരപടവ് ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.അബ്ദുൾ ഷുക്കൂർ മുതൽ പേർ ഫയൽ ചെയ്ത റിട്ട് ഹർജി നം.2994/2024-യിലെ 23.08.2024ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3668/2025/GEDN തീയതി,തിരുവനന്തപുരം, 05-06-2025

---

പരാമർശം:-

1. റിട്ട് ഹർജി നം. 2994/2024-യിലെ ബഹു. കേരള ഹൈക്കോടതിയുടെ 23.08.2024 ലെ വിധിന്യായം.
2. കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 21.10.2024ലെ DDEKNR/7513/2024-B6 നം. കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡി.ജി.ഇ /19834/2024-ഇ.എം 3 നം. കത്ത്.

**ഉത്തരവ്**

ചപ്പാരപടവ് ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.അബ്ദുൾ ഷുക്കൂർ മുതൽ പേർ ഫയൽ ചെയ്ത റിട്ട് ഹർജി നം.2994/2024-യിലെ 23.08.2024 ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം, ഹർജിക്കാരുടെ റിവിഷൻ ഹർജികൾ പരിഗണിച്ച് ഹർജിക്കാരെയും 5-ാം എതിർകക്ഷിയെയും നേരിൽ കേട്ടതിനുശേഷം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 22.10.2024ന് നേരിൽ കേട്ടു.

3. ഹർജിക്കാരുടെയും ബന്ധപ്പെട്ട വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെയും വാദഗതികൾ ചുവടെച്ചേർക്കുന്നു.

i. ശ്രീ.അബ്ദുൾ ഷുക്കൂർ.കെ.

ശ്രീ.അബ്ദുൾ ഷുക്കൂർ.കെ ചപ്പാരപടവ് ഹയർ സെക്കണ്ടറി സ്കൂളിൽ 01-12-2008 മുതൽ മുഴുവൻ സമയ കണ്ടിജന്റ് മീനിയലായി ജോലിയിൽ പ്രവേശിച്ചതാണ് . തനിക്ക് മാനേജർ 12/01/2010ലെ സ.ഉ.(പി) നം.10/10/പൊ.വി.വ പ്രകാരമുള്ള ബോണ്ട് വെച്ചിട്ടില്ല എന്ന കാരണത്താൽ നിയമനം നിരസിക്കുകയും, പിന്നീട് 25-03-2013ലെ 108/2013 ഉത്തരവ് പ്രകാരം തന്റെ നിയമനം 01-06-2011 മുതൽ കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചു വേതനം നല്കിവരുന്നു. എന്നാൽ കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31/08/2011 ലെ ഉത്തരവ് നം.ബി2/4895/2011 പ്രകാരം

സ്കൂളിൽ 2007-08 മുതൽ തന്നെ മീനിയൽ തസ്തിക നിലനിൽക്കുന്നുണ്ട്.

12/01/2010ലെ സ.ഉ.(പി)നം.10/10/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം മാനേജർ ബോണ്ട് വച്ചിട്ടില്ല എന്ന കാരണത്താൽ നിയമനം നിരസിച്ചത് ബഹു. ഹൈക്കോടതി വിധിപ്രകാരം (W.A.No.2592/2015 Dated 26/07/2017) മാനേജർ ബോണ്ട് വെച്ചതായി കണക്കാക്കി നിയമന ഉത്തരവ് നൽകണമെന്ന് വിധിയായതിന്റെ അടിസ്ഥാനത്തിൽ, 01-12-2008 മുതൽ തന്റെ നിയമനം ബഹു. ഹൈകോടതിയുടെ റിട്ട് ഹർജി നം.29994/2024-നമ്പർ പ്രകാരം എല്ലാ ആനുകൂല്യത്തോട്ടുകൂടി അംഗീകരിച്ച തരണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

ii. ശ്രീ.സിദ്ദീഖ്.എം.കെ

ചപ്പാരപടവ് ഹയർ സെക്കണ്ടറി സ്കൂളിൽ 15-01-2009 മുതൽ മുഴുവൻ സമയ കണ്ടിജന്റ് മീനിയലായി ജോലിയിൽ പ്രവേശിച്ചു. തനിക്ക് 12/01/2010ലെ സ.ഉ.(പി)നം.10/10/പൊ.വി.വ പ്രകാരമുള്ള ബോണ്ട് മാനേജർ വച്ചിട്ടില്ല എന്ന കാരണത്താൽ തന്റെ നിയമനം നിരസിക്കുകയും, പിന്നീട് 25-03-2013 ലെ 108/2013 ഉത്തരവ് പ്രകാരം തന്റെ നിയമനം 01-06-2011 മുതൽ കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് പ്രകാരം അംഗീകരിച്ച വേതനം അനുഭവിച്ച വരുന്നു. എന്നാൽ, 31/08/2011 ലെ കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നമ്പർ ബി2/4895/2011 നം. തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം സ്കൂളിൽ 2007-08 മുതൽ തന്നെ മീനിയൽ തസ്തിക നിലനിൽക്കുന്നുണ്ട്.

12/01/2010ലെ സ.ഉ.(പി)നം.10/10/പൊ.വി.വ പ്രകാരം മാനേജർ ബോണ്ട് വെച്ചിട്ടില്ല എന്ന കാരണത്താൽ നിയമനം നിരസിച്ചത് ബഹ ഹൈക്കോടതി വിധിപ്രകാരം (W.A.No.2592/2015 Dated:26/07/2017) മാനേജർ ബോണ്ട് വെച്ചതായി കണക്കാക്കി നിയമന ഉത്തരവ് നൽകണമെന്ന് വിധിയായതിന്റെ അടിസ്ഥാനത്തിൽ 15-01-2009 മുതൽ തന്റെ നിയമനം റിട്ട് ഹർജി നം.29994/2024-യിലെ 23-08-2024 ലെ വിധിന്യായം പ്രകാരം എല്ലാ ആനുകൂല്യത്തോട്ടുകൂടി അംഗീകരിച്ച തരണമെന്ന് അഭ്യർത്ഥിക്കുന്നു.

iii. അബ്ദുൾ റഷീദ് സി.കെ.

താൻ ചപ്പാരപടവ് ഹയർ സെക്കണ്ടറി സ്കൂളിൽ 01-01-2009 മുതൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതാണ്. തനിക്ക് മാനേജർ 12/01/2010ലെ സ.ഉ.(പി)നം.10/10/പൊ.വി.വ പ്രകാരമുള്ള ബോണ്ട് വെച്ചിട്ടില്ല എന്ന കാരണത്താൽ നിയമനം നിരസിക്കുകയും പിന്നീട് 25-03-2013 ലെ 108/2013 ഉത്തരവ് പ്രകാരം തന്റെ നിയമനം 01-06-2011 മുതൽ കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ 16-05-2013ലെ ബി2/3059/2013/Kdis ഉത്തരവ് പ്രകാരം അംഗീകരിച്ച വേതനം ലഭിച്ച വരുന്നു. എന്നാൽ, കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 31/08/2011 ലെ ബി2/4895/2011 നമ്പർ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം സ്കൂളിൽ 2007-08 മുതൽ തന്നെ ക്ലാർക്ക് തസ്തിക നിലനിൽക്കുന്നുണ്ട്.

12/01/2010ലെ സ.ഉ.(പി)നം.10/10/പൊ.വി.വ പ്രകാരം മാനേജർ ബോണ്ട് വെച്ചിട്ടില്ല എന്ന കാരണത്താൽ നിയമനം നിരസിച്ചത് ബഹു. ഹൈക്കോടതി വിധിപ്രകാരം (W.A.No.2592/2015 Dated 26/07/2017) മാനേജർ ബോണ്ട് വെച്ചതായി കണക്കാക്കി നിയമന ഉത്തരവ്

നൽകണമെന്ന് വിധിയായതിന്റെ അടിസ്ഥാനത്തിൽ 01-01-2009 മുതൽ എന്റെ നിയമനം ബഹു. ഹൈകോടതി റിട്ട് ഹർജി നം.29994/2024-യിലെ 23-08-2024 ലെ വിധിന്യായം പ്രകാരം എല്ലാ ആനുകൂല്യത്തോടുകൂടി അംഗീകരിച്ചു തരണമെന്ന് അപേക്ഷിച്ചിട്ടുണ്ട് .

<u>മാനേജർ</u>

ബഹു. സുപ്രീം കോടതിയുടെ വിധിയും ഹൈക്കോടതി വിധിയും മാനിക്കുന്നുവെന്നും ശ്രീ.അബ്ദുൽ റഷീദ് സി.കെ., ശ്രീ. അബ്ദുൽ ഷുക്കൂർ.കെ., ശ്രീ. സിദ്ദിഖ്.എം. എന്നിവർക്ക് യഥാക്രമം 01/01/2009, 01/12/2008, 15/01/2009 തീയതികളിൽ എല്ലാ ആനുകൂല്യത്തോടുകൂടി നിയമനം മുൻകാല പ്രാബല്യത്തിൽ നൽകുന്നതിൽ ആക്ഷേപമില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>പൊതുവിദ്യാഭ്യാസ ഡയറക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ</u>

i.ശ്രീ.അബ്ദുൽ ഷുക്കൂർ.കെ.
ചപ്പാരപടവ് ഹൈസ്കൂളിൽ 2008-09 വർഷത്തെ പ്രതീക്ഷിത അധിക എഫ്.റ്റി.എം തസ്തികയിൽ ശ്രീ.അബ്ദുൽ ഷുക്കൂർ.കെ നെ 01.12.2008 മുതൽ നിയമിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ മാനേജർ സമർപ്പിച്ചു. 17.08.2005 ലെ സ.ഉ.(പി) നം.317/05/പൊ.വി.വ. ഉത്തരവ് പ്രകാരം അധിക തസ്തിക അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നതിനാൽ 2008-09 വർഷം എഫ്.റ്റി.എം. അധിക തസ്തിക അനുവദിച്ചിട്ടില്ല എന്ന കാരണത്താൽ ഈ പ്രൊപ്പോസൽ കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറും കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചു. സർക്കാർ പുറപ്പെടുവിച്ച അദ്ധ്യാപക പാക്കേജ് ഉത്തരവുകളായ 01.10.2011ലെ ജി.ഒ.(പി) 199/11/പൊ.വി.വ., അനദ്ധ്യാപക പാക്കേജ് ഉത്തരവായ 25.03.2013 ലെ സ.ഉ. (പി) 108/13/പൊ.വി.വ. എന്നിവ പ്രകാരം പാക്കേജിൽ ഉൾപ്പെടുത്തി ശ്രീ.അബ്ദുൽ ഷുക്കൂർ.കെയുടെ നിയമനം കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17.05.2013 ലെ ബി2/3053/13/കെ.ഡിസ്. നമ്പർ ഉത്തരവ് പ്രകാരം 01.06.2011 മുതൽ അംഗീകരിച്ചു നൽകുകയും ചെയ്തിരുന്നു.

ii. ശ്രീ.അബ്ദുൽ റഷീദ് സി.കെ, ക്ലാർക്ക്

ചപ്പാരപടവ് ഹൈസ്കൂളിൽ 2008-09 വർഷത്തെ പ്രതീക്ഷിത അധിക ക്ലാർക്ക് തസ്തികയിൽ ഇതേ സ്കൂളിലെ എഫ്.റ്റി.എം. ശ്രീ.അബ്ദുൽ റഷീദ്.സി.കെയെ 01.01.2009 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചുകൊണ്ട് മാനേജർ നിയമിച്ചു. 17.08.2005 ലെ സ.ഉ.(പി) നം.317/05/പൊവിവ ഉത്തരവ് പ്രകാരം അധിക തസ്തിക അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നതിനാൽ 2008-09 വർഷം ക്ലാർക്ക് അധിക തസ്തിക അനുവദിച്ചിട്ടില്ല എന്ന കാരണത്താൽ ഈ പ്രൊപ്പോസൽ കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറും കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചു. പിന്നീട് സർക്കാർ പുറപ്പെടുവിച്ച അദ്ധ്യാപക പാക്കേജ് ഉത്തരവുകളായ 01.10.2011 ലെ ജി.ഒ.(പി) 199/11/പൊ.വി.വ., അനദ്ധ്യാപക പാക്കേജ് ഉത്തരവായ 25.03.2013ലെ സ.ഉ.(പി) 108/13/പൊ.വി.വ. എന്നിവ പ്രകാരം പാക്കേജിൽ ഉൾപ്പെടുത്തി ശ്രീ.അബ്ദുൽ റഷീദിന്റെ ക്ലാർക്ക് തസ്തികയിലെ നിയമനം കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16.05.2013ലെ ബി2/3059/13/കെ.ഡിസ് നമ്പർ ഉത്തരവ് പ്രകാരം 01.06.2011 മുതൽ അംഗീകരിച്ചു നൽകുകയും ചെയ്തിരുന്നു.

iii. ശ്രീ സിദ്ദിഖ് എം., എഫ്.റ്റി.എം.

ചപ്പാരപടവ് ഹൈസ്കൂളിൽ 2008-09 വർഷത്തെ പ്രതീക്ഷിത അധിക ക്ലാർക്ക് തസ്തികയിൽ ഇതേ സ്കൂളിലെ എഫ്.റ്റി.എം ആയ ശ്രീ.അബ്ദുൽ റഷീദ്.സി.കെ.യെ 01.01.2009 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചതുമൂലമുണ്ടായ ഒഴിവിൽ ശ്രീ.സിദ്ദിഖ്.എം എന്നവരെ 05.01.2019 മുതൽ എഫ്.റ്റി.എം. തസ്തികയിൽ മാനേജർ നിയമിച്ചു. 17.08.2005ലെ സ.ഉ.(പി) നം. 317/05/പൊ.വി.വ. ഉത്തരവ് പ്രകാരം അധിക തസ്തിക അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നതിനാൽ 2008-09 വർഷം ക്ലാർക്ക് അധിക തസ്തിക അനുവദിച്ചിട്ടില്ലാത്ത കാരണത്താൽ ശ്രീ.അബ്ദുൽ റഷീദ്.സി.കെയുടെ നിയമനം നിരസിച്ചു നൽകിയതിനാൽ പരിണിത ഒഴിവ് ലഭ്യമല്ലാത്തതിനാൽ കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറും കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചു. പിന്നീട് സർക്കാർ പുറപ്പെടുവിച്ച അദ്ധ്യാപക പാക്കേജ് ഉത്തരവുകളായ 01.10.2011ലെ സ.ഉ(പി)നം.199/2011/പൊ.വി.വ., അനദ്ധ്യാപക പാക്കേജ് ഉത്തരവായ 25.03.2013ലെ സ.ഉ.(പി)നം.108/2013/പൊ.വി.വ. എന്നിവ പ്രകാരം പാക്കേജിൽ ഉൾപ്പെടുത്തി ശ്രീ.അബ്ദുൽ റഷീദിന്റെ ക്ലാർക്ക് തസ്തികയിലെ നിയമനം 01.06.2011 മുതൽ അംഗീകരിച്ചു നൽകിയതിനെ തുടർന്ന് ടിയാന്റെ നിയമനവും കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17.05.2013 ലെ ബി2/3056/2013/കെ.ഡിസ്. നമ്പർ ഉത്തരവ് പ്രകാരം 01.06.2011 മുതൽ അംഗീകരിച്ചു നൽകുകയും ചെയ്തിരുന്നു. പിന്നീട് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17/03/2011ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2007-08 മുതൽ 2010-11 വരെയുള്ള തസ്തിക നിർണയം പുനർനിർണയിച്ചു അധിക തസ്തികകളും ഡിവിഷനുകളും അനുവദിക്കാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ക്ലാർക്ക്- 1, എഫ്.ടി.എം.- 1 എന്നീ അധിക തസ്തികകൾ അനുവദിച്ചു ഉത്തരവായിരുന്നുവെങ്കിലും 2007-08 മുതലുള്ള അധിക തസ്തികയിലെ നിയമനങ്ങൾ അംഗീകരിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച 12/01/2010ലെ സ.ഉ.(പി)നം.10/10/പൊ.വി.വ ഉത്തരവിലെ ബോണ്ട് വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ചപ്പാരപടവ് ഹൈസ്കൂൾ മാനേജർ ബോണ്ട് സമർപ്പിച്ചിരുന്നില്ല എന്ന കാരണത്താൽ മേല്പറഞ്ഞ ഹർജിക്കാരുടെ നിയമനം മുൻകാല പ്രാബല്യത്തിൽ അംഗീകരിച്ചു നൽകിയിരുന്നില്ല.

4. 2007-08 മുതൽ 2010-11 വരെയുള്ള തസ്തിക നിർണ്ണയം പുനഃക്രമീകരിച്ചു ക്ലാർക്ക്-1, എഫ്.റ്റി.എം.-1 എന്നിങ്ങനെ അധിക തസ്തികകൾ അനുവദിച്ചിരുന്നു. ടി തസ്തികകൾ 2012- 13 വരെ നിലനിന്നിരുന്നുവെങ്കിലും 29.01.2016ലെ സ.ഉ.(പി) നം.29/2016/പൊ.വി.വ. ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2011-12 മുതൽ 2015-16 വരെയുള്ള തസ്തിക നിർണ്ണയം നടത്തിയപ്പോൾ തളിപ്പറമ്പ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 30.04.2016 ലെ ഉത്തരവ് പ്രകാരം 2013-14 ലെ തസ്തിക നിർണ്ണയ ഉത്തരവിൽ ടി വിദ്യാലയത്തിൽ നിന്നും ക്ലാർക്ക്-1, എഫ്.റ്റി.എം.-1 എന്നീ തസ്തികകൾ കുട്ടികളുടെ എണ്ണക്കുറവ് കാരണം നഷ്ടമാവുകയും ചെയ്തിരുന്നു. 2013-14 മുതൽ 2024-25 വരെയുള്ള തസ്തിക നിർണയ പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം ചപ്പാരപടവ് ഹൈസ്കൂളിൽ ക്ലാർക്ക്-1, എഫ്.ടി.എം.- 2, ഒ.എ- 2 എന്നിങ്ങനെ അനധ്യാപക തസ്തികകളാണ് നിലനിൽക്കുന്നത് എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ചപ്പാരപടവ് ഹൈസ്കൂൾ മാനേജർ 12/01/2010 ലെ സ.ഉ.(പി)നം.10/10/പൊ.വി.വ ഉത്തരവ് പ്രകാരമുള്ള ബോണ്ട് വച്ചതായി കണക്കാക്കുവാൻ കോടതി മേൽപ്രകാരം നിർദേശിച്ച സാഹചര്യത്തിൽ പ്രസ്തുത ഉത്തരവിലെ ഖണ്ഡിക (v) ലെ വ്യവസ്ഥകൾ പ്രകാരം നിയമന നിയന്ത്രണം നിലവിലുണ്ടായിരുന്ന 2006-07

വർഷം മുതൽ 2009-10 വർഷം വരെ മേൽ സ്കൂളിൽ അധിക തസ്തികകളിൽ മാനേജർ നടത്തിയ നിയമനങ്ങൾക്കു തത്തുല്യ എണ്ണം സംരക്ഷിതാദ്ധ്യാപകരെ/അനധ്യാപകരെ ഇതേ മാനേജ്മെന്റിൽ ഭാവിയിൽ ഉണ്ടാകുന്ന എല്ലാത്തരം ഒഴിവുകളിലും നിയമിക്കേണ്ടതാണ് എന്ന വ്യവസ്ഥയിലും (ഇത് സംബന്ധിച്ച് ബഹു.സുപ്രീം കോടതിയിലുള്ള കേസിലെ അന്തിമ വിധിക്കു വിധേയമായി) ഈ കേസിലെ ഹർജിക്കാരുടെ നിയമങ്ങൾക്കുള്ള ഒഴിവുകൾ വ്യവസ്ഥാപിതമാണ് എങ്കിലും, ഹർജിക്കാർ നിയമനത്തീയതി മുതൽ തന്നെ തുടരുന്ന സാഹചര്യം പരിശോധിച്ചും മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ഹർജിക്കാർക്കു നിയമനത്തീയതി മുതൽ അംഗീകാരം നൽകാവുന്നതാണ് എന്ന നിർദ്ദേശം തളിപ്പറമ്പ് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നല്കി ചപ്പാരപടവ് ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ.അബ്ദുൾ ഷുക്കൂർ മുതൽ പേർ ഫയൽ ചെയ്ത റിട്ട് ഹർജി നം.2994/2024-യിലെ പരാമർശം (1) വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (അറിവിലേക്കായി)
ശ്രീ.അബ്ദുൾ ഷുക്കൂർ, ഓഫീസ് അറ്റൻഡന്റ്, ചപ്പാരപടവ് ഹയർ സെക്കൻഡറി സ്കൂൾ, ചപ്പാരപടവ് പി.ഒ., കണ്ണൂർ-670 581
ശ്രീ.അബ്ദുൾ റഷീദ് സി.കെ., ക്ലർക്ക്, ചപ്പാരപടവ് ഹയർ സെക്കൻഡറി സ്കൂൾ, ചപ്പാരപടവ് പി.ഒ., കണ്ണൂർ-670 581
ശ്രീ.സിദ്ദിഖ് എം., ഓഫീസ് അറ്റൻഡന്റ്, ചപ്പാരപടവ് ഹയർ സെക്കൻഡറി സ്കൂൾ, ചപ്പാരപടവ് പി.ഒ., കണ്ണൂർ-670 581
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കണ്ണൂർ
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തളിപ്പറമ്പ്
മാനേജർ, ചപ്പാരപടവ് ഹയർ സെക്കൻഡറി സ്കൂൾ, ചപ്പാരപടവ് പി.ഒ., കണ്ണൂർ-670 581
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 05-06-2025 15:37:39
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.